കെമിക്കൽസ് ലിമിറ്റഡ്, ആസ്ട്രാൾ വാച്ചസ് ലിമിറ്റഡ്, ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ്, സിഡ്കൽ ടെലിവിഷൻ ലിമിറ്റഡ്, കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ് എന്നിവ നഷ്ടത്തിലും പ്രവർത്തനം നിലച്ചവയുമാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിലായതും പ്രവർത്തനം നിലച്ചുവയുമായ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡിലെ അംഗങ്ങളുടെ പേരു വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

പുതിയ വ്യവസായങ്ങൾ

4 (158) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ പുതിയ വ്യവസായ സംരംഭങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സംരംഭങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിലെല്ലാം കൂടി എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ പുനരുദ്ധരിക്കപ്പെട്ട വ്യവസായ സ്ഥാപനങ്ങളുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; ഏതെല്ലാം;

(ഡി) ഈ കാലയളവിൽ ഉണ്ടായിട്ടുള്ള മൂലധന നിക്ഷേപം എത്രയാണെന്നും മുൻകാലങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനയാണ് ഉണ്ടായിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സംസ്ഥാനത്ത് പൊതുമേഖലയിലും സഹകാര്യ മേഖലയിലും രജിസ്റ്റർ ചെയ്ത ഫാക്ടറികൾ

5 (159) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകാര്യ മേഖലയിലും പൊതുമേഖലയിലുമായി നാളിതുവരെ മൊത്തം എത്ര ഫാക്ടറികൾ രജിസ്റ്റർ ചെയ്ത് സ്ഥാപിക്കുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly